# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :05/01/2020


## റസ്റ്റോറന്റിന്റെ മറവിൽ അനാശാസ്യ പ്രവർത്തനം നടത്തി വന്ന സംഘം അറസ്റ്റിൽ

കൊല്ലം: കൊട്ടിയം പോലീസ് സ്റ്റേഷൻ പരിധിയിൽ 3 സ്ത്രീകൾ അടക്കം 9 പേർ അടങ്ങുന്ന സംഘമാണ് അറസ്റ്റിലായത്. രാത്രിയും പകലും ഭക്ഷണ സൗകര്യം ഒരുക്കുകയും ഒപ്പം അനാശാസ്യ പ്രവർത്തനം നടത്തിവരുകയായിരുന്നു സംഘം. വീട്ടിലെ ഊണ് എന്ന പേരിൽ കട നടത്തി വന്ന കടയുടമ ഇരവിപുരം സ്വദേശി അനസ്(33) വാളത്തുങ്കൾ സ്വദേശി ഉണ്ണി(28) ആദിച്ചനല്ലൂർ സ്വദേശി അനന്ദു(24) മങ്ങാട് സ്വദേശി വിപിൻ രാജ്(25) തങ്കശ്ശേരി കോത്തലവയൽ സ്വദേശി രാജു(46) പാലക്കാട് നെന്മാറ കൈതട്ടി സ്വദേശി വിനു(28) കടയുടമയുടെ ഭാര്യ ഉൾപ്പടെ മൂന്ന് സ്ത്രീകൾ എന്നിവരാണ് അനാശാസ്യത്തിന് ഒത്താശ ചെയ്തതിന് പോലീസ് അറസ്റ്റ് ചെയ്തത്. പുരുഷനും സ്ത്രീയും എത്തിയാൽ മുറിയും മറ്റു സൗകര്യങ്ങൾ ഒരുക്കി കൊടുത്തിരുന്നു. രാത്രിയും പകലും സാധാരണയിൽ കവിഞ്ഞ് ആളുകൾ എത്തുന്നതു ശ്രദ്ധയിൽപ്പെട്ട നാട്ടുകാരിൽ ചിലർ സിറ്റി പോലീസ് കമ്മീഷണറെ വിവരം അറിയിച്ചു. തുടർന്ന് കമ്മീഷണർ, ഷാഡോ പോലീസിനെ നിയോഗിച്ചു രഹസ്യ നിരീക്ഷണം നടത്തി. പിന്നീട് കൊട്ടിയം പോലീസുമായെത്തി റെയ്ഡ് നടത്തിയാണ് അനാശാസ്യം ചെയ്ത് വന്ന സംഘത്തെ അറസ്റ്റ് ചെയ്തത്.